DESPATCHED
On 29/3/22



22/3/22


**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം_695 001**

**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**

Email: sic.ker@nic.in


**ഹർജി നമ്പർ AP.No.1022(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.7636/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**

**തീയതി: 2022 മാർച്ച് 22**

Sri. Damodara Shenoy P.,
Kizhakkepullattu,
Arpookara East P.O.,
Kottayam – 686 008.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., അർപ്പൂക്കര ഗ്രാമപഞ്ചായത്ത്, വില്ലൂന്നി പി.ഒ., കോട്ടയം – 686 008.
2. അപ്പീൽ അധികാരി, എൽ.എസ്.ജി.ഡി., അർപ്പൂക്കര ഗ്രാമപഞ്ചായത്ത്, വില്ലൂന്നി പി.ഒ., കോട്ടയം – 686 008

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 6.10.2021–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാമർശിത കാലയളവിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. അജിത് ജേക്കബ് എ., അസിസ്റ്റന്റ് എഞ്ചിനീയർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ പ്രസ്താവിച്ചത്, 22.1.2020 മുതൽ 5.8.2021–വരെ അർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി ചെയ്തിരുന്ന അവസരത്തിൽ 30.3.2021–ന് ഹർജിക്കാരൻ സമർപ്പിച്ചിരുന്ന വിവരാവകാശ അപേക്ഷ ലഭിച്ചിരുന്നുവെന്നും എന്നാൽ മാർച്ച് മാസം സാമ്പത്തിക വർഷം അവസാനിക്കുന്നത് മൂലമുള്ള ജോലി തിരക്കുകൾ കൊണ്ടും തുടർന്ന് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ടി പഞ്ചായത്തിൽ കോവിഡ് ബാധിതരുടെ എണ്ണം വളരെയധിക വർദ്ധിക്കുകയും ടി പഞ്ചായത്തിലെ പകുതിയിൽ അധികം വാർഡുകൾ കണ്ടെയ്മെന്റ് സോണുകൾ ആക്കി മാറ്റുകയും ടി മാസങ്ങളിൽ ടിയാന്

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് സെക്ടറൽ മജിസ്ട്രേറ്റ് ഡ്യൂട്ടിയും അതിനുപുറമെ നോഡൽ ഓഫീസറുടെയും ചുമതലകളും ലഭിച്ചിരുന്നുവെന്നും ഈ ഡ്യൂട്ടിയുടെ ഭാഗമായി ഈ മാസങ്ങളിൽ മിക്ക ദിവസങ്ങളിലും ഓഫീസിൽ പോകുവാൻ സാധിച്ചിരുന്നില്ലെന്നും ടി തിരക്കുകൾ മൂലമാണ് ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേലും അപ്പീൽ അപേക്ഷയിന്മേലും നടപടി സ്വീകരിക്കാൻ സാധിക്കാതിരുന്നതെന്നും ജോലിതിരക്കും അധിക ചുമതലയും കാരണം അറിയാതെ സംഭവിച്ച വീഴ്ച മാപ്പാക്കണമെന്നുമാണ്.

2. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. 30.3.2021-ന് ലഭിച്ച വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും നൽകാത്തതിനാലാണ് ഹർജിക്കാരന് കമ്മീഷനെ സമീപിക്കേണ്ടതായി വന്നിട്ടുള്ളത്. മാത്രമല്ല ഹർജിക്കാരൻ 7.6.2021-ന് ഹാജരാക്കിയ ഒന്നാം അപ്പീൽ ബന്ധപ്പെട്ട അപ്പീൽ അധികാരിക്ക് കൈമാറാതിരുന്നതും വിവരാവകാശ നിയമപ്രകാരം ശിക്ഷാർഹമാണ്. ആയതിനാൽ പരാമർശിത കാലയളവിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. അജിത് ജേക്കബ് എ.യെ ശിക്ഷിക്കുവാനും ശിക്ഷയായി 2000/- രൂപ (രണ്ടായിരം രൂപ മാത്രം) ടിയാനിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. അജിത് ജേക്കബ് എ. 2000/- രൂപ (രണ്ടായിരം രൂപ മാത്രം) "0070–60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 10/04/2022-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

3. ശ്രീ. അജിത് ജേക്കബ് എ.യ്ക്കെതിരെ പിഴ ശിക്ഷയായി കമ്മീഷൻ ചുമത്തിയ 2000/- രൂപ 10/04/2022-നകം ടിയാൻ ഒടുക്കി കമ്മീഷൻ തീരുമാനം നടപ്പിലാക്കിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

4. കമ്മീഷൻ നിർദ്ദേശത്തെ തുടർന്ന് രണ്ടാം എതിർകക്ഷി അപേക്ഷയുടെ പകർപ്പ് ഹർജിക്കാരനിൽ നിന്നും വാങ്ങി അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയച്ചു കൊടുത്ത് അപേക്ഷകന് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പരിഗണിച്ചും രണ്ടാം എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കിയ വിശദീകരണം വസ്തുതാപരമാണെന്ന് കാണുന്നതിനാലും രണ്ടാം എതിർകക്ഷിക്കെതിരെ മറ്റ് നടപടികൾ കമ്മീഷൻ

സ്വീകരിക്കുന്നില്ല. എന്നാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എതിർകക്ഷികൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് മാസം 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us